FROM THE HOUSE OF ESAF
LAHANTI
Vol 04 Issue 1&2 July-Dec. 2012
...means development in Santhali, the language of an underdeveloped tribal group in Eastern India.
20th ANNIVERSARY celebrations 1992-2012

# വയസ്സും വാർദ്ധക്യവും



രണ്ടാം ലോക മഹായുദ്ധകാലത്ത് അമേരിക്കൻ സേനയെ നയിച്ചിരുന്ന പ്രഗത്ഭനായ ഒരു സൈന്യാധിപനായിരുന്നു ജനറൽ ഡഗ്ളസ് മക് ആർതർ. സൈനീക സേവനത്തിനു ശേഷവും 84-ാം വയസ്സിൽ മരണമടയുന്നതു വരെ അദ്ദേഹം കർമ്മോത്സുകനായിരുന്നു. ആർക്കും ആവേശം പകർന്നുകൊടുക്കുന്ന ചില സൂക്തങ്ങൾ അദ്ദേഹം തന്റെ മേശപ്പുറത്ത് ചില്ലിട്ടു സൂക്ഷിച്ചിരുന്നു. അവയിൽ ചിലത് ശ്രദ്ധിക്കുക:

"യൗവനം ജീവിതത്തിലെ ഒരു പ്രത്യേക കാലഘട്ടമല്ല. അത് മനസ്സിന്റെ ഒരവസ്ഥയാണ്. തുടുത്ത കവിൾത്തടമോ അരുണവർണ്ണമുള്ള അധരങ്ങളോ ഉണ്ടായിരിക്കുക എന്നതല്ല യൗവനത്തിന്റെ ലക്ഷണം. പിന്നെയോ ഇച്ഛാശക്തിയും ഭാവനയും വൈകാരികമായ ഓജസ്സും ഉണ്ടായിരിക്കുക എന്നതാണ്."

"വളരെക്കാലം ഒരാൾ ജീവിച്ചിരിക്കുന്നതു കൊണ്ട് വൃദ്ധനാകണമെന്നില്ല. വയസ്സല്ല വാർദ്ധക്യത്തിന്റെ കുറിക്കോൽ."

"വയസ്സ് ശരീരത്തിൽ ചുളിവുകൾ സൃഷ്ടിക്കുന്നു. എന്നാൽ ജീവിതത്തോടുള്ള താൽപ്പര്യം നഷ്ടപ്പെടുന്നവരുടെ ആത്മാവിൽ വാർദ്ധക്യത്തിന്റെ ഉഴവുചാലുകൾ സൃഷ്ടിക്കപ്പെടുന്നു."

"നിനക്ക് എത്രകണ്ട് ആത്മവിശ്വാസമുണ്ടോ അത്രയ്ക്ക് നീ ചെറുപ്പമായിരിക്കും; എത്ര കണ്ട് സംശയമുണ്ടോ അത്രയ്ക്ക് വൃദ്ധനാകും; എത്രകണ്ട് പ്രത്യാശയുണ്ടോ അത്രയ്ക്ക് യുവാവായിരിക്കും."

ഒരു കാര്യം വ്യക്തമാണ്, കേവലം പ്രായമല്ല ആത്മവിശ്വാസവും ജീവിതത്തോടുള്ള സ്നേഹവുമാണ് നമ്മെ യുവചൈതന്യമുള്ളവരായി സൂക്ഷിക്കുന്നത്. അവിശ്വാസവും സംശയവും ഭയവും ജീവിത നൈരാശ്യവുമെല്ലാം നമ്മെ അകാല വാർദ്ധക്യത്തിലേക്ക് നയിക്കും. ദൈവത്തിൽ വിശ്വസിക്കുക-മനുഷ്യ നന്മയെ ലക്ഷ്യമാക്കി സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക-ശുഭാപ്തി വിശ്വാസം കൈവിടാതിരിക്കുക. അങ്ങനെയെങ്കിൽ വാർദ്ധക്യം നിങ്ങളുടെ ശരീരത്തെ ബാധിച്ചാലും നിങ്ങളുടെ മനസ്സിനെ ബാധിക്കുകയില്ല.

**ജേക്കബ് സാമുവൽ**
**ഡയറക്ടർ-പ്രോഗ്രാംസ്**

## ഇസാഫ് സ്വാശ്രയസംഘ ഫെഡറേഷൻ സംസ്ഥാന പ്രതിനിധി സമ്മേളനം

*തൃശ്ശൂർ:* ഇസാഫ് സ്വാശ്രയസംഘ ഫെഡറേഷൻ സംസ്ഥാന പ്രതിനിധി സമ്മേളനം 'ഉണർവ്വ് 2012' ടൗൺ ഹാളിൽ മേയർ ഐ.പി.പോൾ ഉദ്ഘാടനം ചെയ്തു. സാമൂഹ്യസേവന രംഗത്ത് ജനപങ്കാളിത്തത്തോടെ ഇസാഫ് നടത്തുന്ന സേവനപ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് അദ്ദേഹം പറഞ്ഞു. ഫെഡറേഷൻ ചെയർപേഴ്സൺ സെലീന ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. ഇസാഫ് സ്ഥാപകനും ഫെഡറേഷൻ സെറ്റ്ലറുമായ കെ.പോൾ തോമസ് മുഖ്യപ്രഭാഷണം നടത്തി. മികച്ച സംരംഭകരെയും ബ്രാഞ്ച് ഉപദേശക സമിതികളെയും സമ്മേളനത്തോടനുബന്ധിച്ച് ആദരിച്ചു. വീൽ ചെയർ വിതരണം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ടി. നിർമ്മലയും അപകടമരണ ഇൻഷുറൻസ് ക്ലെയിം വിതരണം സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ ഡോ.എം. ഉസ്മാനും നിർവഹിച്ചു. ഇസാഫ് സ്വാശ്രയ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി (ഇസ്കൊ) യുടെ ഉദ്ഘാടനവും സമ്മേളനത്തോടനുബന്ധിച്ച് സംഘടിപ്പിച്ചു. തൃശ്ശൂർ ഡി.വൈ.എസ്.പി കെ.കെ. രവീന്ദ്രൻ, നബാർഡ് എ.ജി.എം പി.ടി.ഉഷ, ഇസാഫ് മൈക്രോഫിനാൻസ് ബോർഡ് അംഗങ്ങളായ വിക്രമൻ അമ്പലക്കാട്ട്, ആർ.പ്രഭ, ഫെഡറേഷൻ ബോർഡ് അംഗങ്ങളായ സാബു ഏബ്രഹാം, ശ്രീകുമാരി, മാനേജർ അംബിക സോമൻ, വോഡാഫോൺ കേരള സെയിൽസ് ഹെഡ് ബിനു ശേഖർ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തോടനുബന്ധിച്ച് സംഘാംഗങ്ങളുടെ ഉത്പന്നങ്ങളുടെ പ്രദർശനും വിൽപ്പനയും സംഘടിപ്പിച്ചിരുന്നു.



*സംസ്ഥാന പ്രതിനിധി സമ്മേളനം മേയർ ഐ.പി.പോൾ ഉദ്ഘാടനം ചെയ്യുന്നു.*

## കരകൗശല ഉൽപ്പന്നങ്ങളുടെ ശേഖരവുമായി ഇസാഫ് 'ഗോ നേച്ചർ'



*ഗോ നേച്ചർ ബൊത്തിക്കിന്റെ ഉദ്ഘാടനം ധീരേന്ദ്രകുമാർ കുമാർ ഐ.എഫ്.എസ് നിർവ്വഹിക്കുന്നു.*

*തൃശൂർ:* ജാർക്രാഫ്റ്റ് (ജാർഖണ്ഡ് സിൽക്ക് ടെക്സ്റ്റയിൽ ആൻറ് ഹാൻഡിക്രാഫ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ)ന്റെ സഹകരണത്തോടെ ഇസാഫ്, 'ഗോ നേച്ചർ' എന്ന പേരിൽ കരകൗശല ഉൽപ്പന്നങ്ങളുടെ വിപണി തൃശൂരിൽ ആരംഭിച്ചു. ഇസാഫ് എക്സിക്യൂട്ടിവ് ഡയറക്ടർ കെ. പോൾ തോമസ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വെച്ച് ജാർഖണ്ഡ് സർക്കാരിന്റെ സ്പെഷ്യൽ സെക്രട്ടറിയും ജാർക്രാഫ്റ്റ് മാനേജിങ് ഡയറക്ടറുമായ ധീരേന്ദ്രകുമാർ കുമാർ ഐ.എഫ്.എസ് ഉദ്ഘാടനം നിർവ്വഹിച്ചു. ജാർക്രാഫ്റ്റുമായി സഹകരിച്ച് കേരളത്തിലെ മറ്റ് ജില്ലകളിലും 'ഗോ നേച്ചർ ബോത്തിക്ക്'കൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടെന്ന് പോൾ തോമസ് പറഞ്ഞു.ആക്ട് ചെയർമാൻ വിജു ഏബ്രഹാം, ഇസാഫ് സീനിയർ മാനേജർ അജിത് സെൻ എന്നിവർ പ്രസംഗിച്ചു. ജാർക്രാഫ്റ്റിന്റെ കേരളത്തിലെ ആദ്യത്തെ ഷോറൂമാണ് 'ഗോ നേച്ചർ'.

## ഇസാഫ് ഗ്ലോറിയ 2012

*മണ്ണുത്തി:* ഇസാഫ് കേന്ദ്ര ഓഫീസിന്റെ ക്രിസ്തുമസ് ആഘോഷം മണ്ണുത്തി സെന്റ് ആന്റണീസ് പാരിഷ് ഹാളിൽ സംഘടിപ്പിച്ചു. കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. പി. രാജേന്ദ്രൻ പരിപാടി ഉദ്ഘാടനം ചെയ്തു. മലങ്കര ഓർത്തഡോക്സ് സഭയുടെ തൃശ്ശൂർ മെത്രാസനാധിപൻ അഭിവന്ദ്യ യൂഹാനോൻ മാർ മിലിത്തിയോസ് ക്രിസ്തുമസ് സന്ദേശം നൽകി. ഇസാഫ് ക്വയറിന്റെ ഗാനങ്ങളും ഇസാഫ് റിക്രിയേഷൻ ക്ലബ്ബിന്റെയും ഇസാഫ് നഴ്സിങ്ങ് സ്കൂൾ വിദ്യാർത്ഥികളുടെയും കലാപരിപാടികളും ക്രിസ്തുമസ് പരിപാടിയെ മനോഹരമാക്കി. കെ. പോൾ തോമസ്, ജേക്കബ് സാമുവൽ എന്നിവരും പ്രസംഗിച്ചു.

## ഉരുൾപൊട്ടലിൽ അശരണരായവർക്ക് ഇസാഫിന്റെ സഹായ ഹസ്തം

*കോതമംഗലം:* പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ ഉണ്ടായ ഉരുൾ പൊട്ടലിൽ ഭവനങ്ങളും സാധനസാമഗ്രികളും നഷ്ടപ്പെട്ടവർക്ക് ഇസാഫ് സഹായ ഹസ്തവുമായെത്തി. പഞ്ചായത്ത് പ്രസിഡണ്ട് ലിസ്സി കുരുവിളയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഇസാഫ് മൈക്രോ ഫിനാൻസ് ജനറൽ മാനേജർ (എനർജി & ഡയറി) ക്രിസ്തുദാസ് കെ. വി. വീട്ടുപകരണങ്ങൾ വിതരണം ചെയ്തു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ. എൽ. പോൾ, ഇസാഫ് മൈക്രോഫിനാൻസ് ഡപ്യൂട്ടി ജനറൽ മാനേജർ സൈബു കെ. എ, പബ്ലിക് റിലേഷൻസ് മാനേജർ എബി കോശി, ഏരിയ മാനേജർമാരായ ബെന്നി വി. പോൾ, ബിജു കെ. ജെ., ബ്രാഞ്ച് മാനേജർ മിനി സാബു, എൽദോസ്, കുഞ്ഞപ്പൻ എന്നിവർ പ്രസംഗിച്ചു.

## 20-ാം വാർഷികാഘോഷം -ഇടുക്കി



*ഇസാഫ് 20-ാം വാർഷികം-ഇടുക്കി കെ.കെ.ജയചന്ദ്രൻ എം.എൽ.എ നിർവ്വഹിക്കുന്നു*

*ഇടുക്കി:* ഇസാഫിന്റെ 20-ാം വാർഷികത്തോടനുബന്ധിച്ച് ഇടുക്കിയിൽ സംഘടിപ്പിച്ച ആഘോഷപരിപാടികൾ കെ.കെ.ജയചന്ദ്രൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. ഇസാഫ് എക്സിക്യൂട്ടിവ് ഡയറക്ടർ കെ.പോൾ തോമസ് അദ്ധ്യക്ഷത വഹിച്ചു. മരണാനന്തര ധനസഹായം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് തോമസ് രാജൻ വിതരണം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് അംഗം ഷെർളി കൊച്ചുകുടി, ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡണ്ട് ജാൻസി ബേബി, ഗ്രാമപഞ്ചായത്ത് മെമ്പർ അഡ്വ. മനോജ് എം.തോമസ്, ഇസാഫ് ഡയറക്ടർ ജേക്കബ് സാമുവൽ എന്നിവർ പ്രസംഗിച്ചു. മികച്ച സാമൂഹ്യപ്രവർത്തകനുള്ള ദേശീയ അവാർഡ് നേടിയ കെ.എം.ജലാലുദ്ദീനെ ചടങ്ങിൽ ആദരിച്ചു. ഇസാഫിന്റെ ജീവനക്കാരിയായ രാധാമണിക്ക് ഇസാഫ് പണിതു നൽകിയ വീടിന്റെ താക്കോൽ ദാനകർമ്മം കെ.പോൾ തോമസ് നിർവഹിച്ചു.

## ജീവൻ ശുദ്ധ് പദ്ധതി ഉദ്ഘാടനം ചെയ്തു

*തൃശൂർ:* ഇസാഫും ഹിന്ദുസ്ഥാൻ യുണിലിവറും സംയുക്തമായി നടപ്പിലാക്കുന്ന ജീവൻ ശുദ്ധ് പദ്ധതി തൃശൂർ കോർപ്പറേഷൻ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ഡോ. എം.ഉസ്മാൻ ഉദ്ഘാടനം ചെയ്തു. ഇസാഫ് മൈക്രോഫിനാൻസ് മാനേജിങ് ഡയറക്ടർ കെ.പോൾ തോമസ് അദ്ധ്യക്ഷത വഹിച്ചു. ജനറൽ മാനേജർ, ഡയറി & എനർജി കെ.വി.ക്രിസ്തുദാസ്, സി.എഫ്.ഒ ജോബി സി.ഒ, പ്യൂരിറ്റ് പ്രതിനിധി സയിദ് അഹമ്മദ്, ഇസാഫ് പ്രൊഡക്റ്റ് ടീം മാനേജർ സന്തോഷ് വി.എൽ, തൃശ്ശൂർ ഏരിയ മാനേജർ സിജി എ.ബി എന്നിവർ പ്രസംഗിച്ചു. ജീവൻ ശുദ്ധ് പദ്ധതി-ഒന്നാം ഘട്ടത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ച തൃശ്ശൂർ ബ്രാഞ്ച് മാനേജർ പി.ജെ. ജനീഷിന് ചടങ്ങിൽ അവാർഡ് നൽകി ആദരിച്ചു.

## മംഗളം അക്ഷരജ്യോതി

*മണ്ണുത്തി:* വിദ്യാർത്ഥികളിൽ അറിവിന്റെ വെളിച്ചം പകരുവാനായി മംഗളം ദിനപത്രം ആവിഷ്കരിച്ച 'അക്ഷരജ്യോതി' പദ്ധതി പട്ടിക്കാട് ഗവൺമെന്റ് ഹൈസ്കൂളിൽ ഇസാഫിന്റെ സഹകരണത്തോടെ നടപ്പിലാക്കി. ഇസാഫ് ഡയറക്ടർ ജേക്കബ് സാമുവൽ വിദ്യാർത്ഥികളായ ബിനി ബെന്നി, ബേസിൽ എന്നിവർക്ക് പത്രം നൽകി പദ്ധതി ഉദ്ഘാടനം ചെയ്തു. മംഗളം ബ്യൂറോ ചീഫ് ജോയ് എം. മണ്ണൂർ, സർക്കുലേഷൻ മാനേജർ ജസ്റ്റിൻ വർഗ്ഗീസ്, സ്കൂൾ ഹെഡ്മിസ്ട്രസ് ഇ. നാരായണി, പ്രിൻസിപ്പൽ എം. സമിത എന്നിവർ പ്രസംഗിച്ചു.

തച്ചമ്പാറ ദേശബന്ധു ഹൈസ്കൂൾ, ദീനബന്ധു സ്കൂൾ ഓഫ് നഴ്സിങ്ങ്, മാതിരപ്പള്ളി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, ശാന്തൻപാറ ഗവ. ഹൈസ്കൂൾ, സേനാപതി ഹൈസ്കൂൾ എന്നീ സ്കൂളുകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കി.

## ദേശീയ പരിസ്ഥിതി ബോധവൽക്കരണം

*അങ്കമാലി:* ദേശീയ പരിസ്ഥിതി ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ സഹകരണത്തോടെ ഇസാഫിന്റെ ആഭിമുഖ്യത്തിൽ 'ഔഷധ സസ്യങ്ങളുടെ ഉപയോഗവും സംരക്ഷണവും' എന്ന വിഷയത്തെ ആസ്പദമാക്കി ഏകദിന ശില്പശാല നടുവട്ടം സാംസ്കാരിക നിലയത്തിൽ സംഘടിപ്പിച്ചു. അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ബിജു കാവുങ്കൽ ഉദ്ഘാടനം ചെയ്തു. ഇസാഫ് ഡയറക്ടർ ക്രിസ്തുദാസ് കെ.വി അദ്ധ്യക്ഷത വഹിച്ചു. ഇസാഫ് ഹെർബൽ ഡിവിഷൻ മാനേജർ ബെഞ്ചമിൻ ജോസഫ് ക്ലാസുകൾക്ക് നേതൃത്വം നൽകി. വാർഡ് മെമ്പർ ലിസി സണ്ണി, ഇസാഫ് അസ്സിസ്റ്റന്റ് മാനേജർ പി.ജെ. മാത്യു, ഇസാഫ് ഏരിയാ മാനേജർ ബിജു കെ.ജെ എന്നിവർ പ്രസംഗിച്ചു.

## ലോക എയ്ഡ്സ് ദിനം ആചരിച്ചു

*മണ്ണുത്തി/പാലക്കാട്:* ഇസാഫിന്റെ ആഭിമുഖ്യത്തിൽ ലോക എയ്ഡ്സ് ദിനം ആചരിച്ചു. എച്ച്.ഐ.വി അണുബാധിതരുടെ കൂട്ടായ്മയായ 'സ്നേഹസാന്ത്വന'ത്തിന്റെ പ്രസിഡണ്ട് സി.എം. രാധാകൃഷ്ണൻ ബോധവൽകരണ ക്ലാസിന് നേതൃത്വം നൽകി. ഇസാഫ് സ്ഥാപക എക്സിക്യൂട്ടിവ് ഡയറക്ടർ കെ.പോൾ തോമസ്, ഡയറക്ടർ ജേക്കബ് സാമുവൽ എന്നിവർ പ്രസംഗിച്ചു. തച്ചമ്പാറയിലുള്ള ഇസാഫ് ഹോസ്പിറ്റലിന്റെയും നഴ്സിങ് സ്കൂളിന്റെയും ആഭിമുഖ്യത്തിൽ ബോധവൽക്കരണ റാലിയും തെരുവുനാടകവും സംഘടിപ്പിച്ചു.



## മാതൃഭൂമി-മധുരം മലയാളം

*ചെറുതോണി:* മാതൃഭൂമി-മധുരം മലയാളം പദ്ധതി ഇസാഫിന്റെ സഹകരണത്തോടെ ചുരുളി ഗവ ഹൈസ്കൂളിലും വാഴത്തോപ്പ് സെന്റ് ജോർജ്ജ് യു.പി. സ്കൂളിലും നടപ്പിലാക്കി. ഇസാഫ് ഏരിയ മാനേജർ ഡെറ്റസ് എം.തോമസ് പരിപാടി ഉദ്ഘാടനം ചെയ്തു.

## അവാർഡിന് അർഹരായി

2011-12 സാമ്പത്തിക വർഷത്തിൽ സ്വാവലംബൻ ദേശീയ പെൻഷൻ പദ്ധതിയിൽ കൂടുതൽ അംഗങ്ങളെ പ്രായോജകരാക്കിയതിനുള്ള അവാർഡിന് ജെസ്സി ജിജോ (ഞാറയ്ക്കൽ ബ്രാഞ്ച്), വിജി ലോറൻസ് (കണിയാപുരം ബ്രാഞ്ച്), മോളി ജസ്റ്റിൻ (ശംഖുമുഖം ബ്രാഞ്ച്) എന്നിവർ അർഹരായി. ഇസാഫ് മൈക്രോഫിനാൻസ് മാനേജിങ് ഡയറക്ടർ കെ.പോൾ തോമസ് ജേതാക്കൾക്ക് സ്വർണ്ണ നാണയവും പ്രശസ്തി പത്രവും വിതരണം ചെയ്തു.

## ബോധവൽക്കരണ പരിപാടി

*ബാലുശ്ശേരി:* ഇസാഫ് എസ്.എച്ച്.ജി ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ നിയമബോധവൽക്കരണ പരിപാടി ബാലുശ്ശേരിയിൽ സംഘടിപ്പിച്ചു.



ഉണ്ണികുളം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഷൈനി കെ.സി പരിപാടി ഉദ്ഘാടനം ചെയ്തു. അസ്സി. സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് ശ്രീവത്സരാജ്, ഇസാഫ് ഇൻഷുറൻസ് മാനേജർ വർക്കി സി.ജെ എന്നിവർ പ്രസംഗിച്ചു. പരിപാടിയോടനുബന്ധിച്ച് എൻ.പി.എസ് അംഗത്വകാർഡ് വിതരണം ചെയ്തു.

## ആലപ്പുഴ ഇന്റർനാഷണൽ മീറ്റ്

*ആലപ്പുഴ:* കേരള ഡവലപ്മെന്റ് മീഡിയയും ഗാന്ധി സ്മാരക ഗ്രാമ സേവക് കേന്ദ്രയുടെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച ആലപ്പുഴ ഇന്റർനാഷണൽ മീറ്റിൽ ഇസാഫിനെ പ്രതിനിധീകരിച്ച് ഡയറക്ടർ ക്രിസ്തുദാസ് കെ.വി പങ്കെടുത്തു.

ALAPPUZHA INTERNATIONAL MEET 2012

## സാമ്പത്തിക സാക്ഷരത ബോധവൽക്കരണ സെമിനാർ

*പട്ടിക്കാട്:* പട്ടിക്കാട് ബ്രാഞ്ചിലെ സംഘാംഗങ്ങൾക്കായി സാമ്പത്തിക സാക്ഷരത ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. ഇസാഫ് മൈക്രോഫിനാൻസ് ഡെപ്യൂട്ടി ജനറൽ മാനേജർ സൈബു കെ.എ സെമിനാർ ഉദ്ഘാടനം ചെയ്തു. ഏരിയ മാനേജർ സിജി എ.ബി., ബ്രാഞ്ച് മാനേജർ അനിത പി. എന്നിവർ പ്രസംഗിച്ചു.

## ഇസാഫ് ഉപന്യാസരചനാ മത്സരം

കേരളത്തിലെ 15 മുതൽ 20 വയസ്സു വരെയുള്ള വിദ്യാർത്ഥികൾക്കായി 'എന്റെ സ്വപ്നങ്ങളിലെ ഭാരതം' എന്ന വിഷയത്തെ ആസ്പദമാക്കി ഇസാഫ് ഉപന്യാസരചനാ മത്സരം സംഘടിപ്പിക്കുന്നു.

**ഏറ്റവും മികച്ച ഉപന്യാസത്തിന് 10,000 രൂപ ക്യാഷ് അവാർഡ് നൽകുന്നു.**

**കൂടുതൽ വിവരങ്ങൾക്ക് ഉടൻ ബന്ധപ്പെടുക:**
93 8731 2414 (എബി കോശി ഉമ്മൻ)


**കൂടുതൽ വാർത്തകൾക്കും ചിത്രങ്ങൾക്കും വീഡിയോകൾക്കും സന്ദർശിക്കുക**

/esafmicrofin /user/esafindia /esafmicrofin

ഒരു ഇസാഫ് മൈക്രോഫിനാൻസ് കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ് പ്രസിദ്ധീകരണം.

www.esafmicrofin.com www.esafindia.org